ഉത്തരം

(എ) തടവുകാരുടെയും ജീവനക്കാരുടെയും അനുപാതം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവോ ജയിൽ ചട്ടമോ നിലവിലില്ല. എന്നാൽ ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് (ബി.പി.ആർ.&ഡി.) തയ്യാറാക്കിയ മോഡൽ പ്രിസൺ മാന്വലിൽ ഒരു മാർഗ്ഗനിർദ്ദേശമായി 6:1 ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) മോഡൽ പ്രിസൺ മാന്വൽ പ്രകാരം 132 പേരുടെ കുറവുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) 334 പേർ.

പരോളിനുള്ള നടപടിക്രമങ്ങൾ

281 (2156) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരോളിലിറങ്ങിയിട്ട് ജയിലിൽ തിരിച്ചെത്താത്ത എത്ര പ്രതികളാണുള്ളത് ;

(ബി) ഇവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 58 തടവുകാർ.

(ബി) പരോൾ കാലാവധിക്കുശേഷം ജയിലുകളിൽ മടങ്ങിയെത്താത്ത തടവുകാരെക്കുറിച്ചുള്ള വിവരം ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയേയും പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെയും അറിയിക്കുകയും അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. കൂടാതെ സെൻട്രൽ ജയിലുകളിലെ തടവുകാർക്ക് പരോളിലിറങ്ങാൻ ജാമ്യം നിൽക്കുന്നവരിൽനിന്നും ജാമ്യത്തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുവരുന്നു.

സ്കൂൾ കോളേജ് പാഠ്യ പദ്ധതിയിൽ വനം പരിസ്ഥിതി പഠനം ഉൾപ്പെടുത്തുവാൻ നടപടി

282 (2157) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വനം വകുപ്പ് സമർദ്ദം ചെലുത്തുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly